പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2158 — 17.06.2014 ലെ മറുപടിയ്ക്ക്

കാരുണ്യ ബെനവലന്റ് പദ്ധതി - നിർധനരോഗികൾക്ക് സൗജന്യ ഔഷധ വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ബഷീർ : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കിഡ്നി മാറ്റി വയ്ക്കൽ, ആൻജിയോ പ്ലാസ്റ്റി, ബൈപ്പാസ് സർജറി ഇവ കഴിഞ്ഞ രോഗികൾക്കും കാൻസർ രോഗം ബാധിച്ച രോഗികൾക്കും, നിത്യേന ഉള്ള മരുന്നുകൾക്ക് നല്ലൊരു തുക ചിലവാകും എന്നതും നിർദ്ധനരായവർക്ക് ആയതിന് മാർഗ്ഗമില്ലെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ നിർദ്ധനരും, വാർഷിക വരുമാനം ഒരു നിശ്ചിത തുകയിൽ അധികരിക്കാത്തവരുമായ ഇത്തരം രോഗികൾക്ക് മാസം തോറും സൗജന്യമായോ, അല്ലെങ്കിൽ സൗജന്യ നിരക്കിലോ ഇത്തരം മരുന്നുകൾ കാരുണ്യ ബനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന കാര്യം പരിഗണ നയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ഹീമോഫീലിയ രോഗികൾക്ക് ഈ പദ്ധതി പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം ഫാക്ടർ മരുന്നുകൾ നൽകി വരുന്നുണ്ട്. കിഡ്നി രോഗം ബാധിച്ചവരുടെ ചികിത്സക്കും, തുടർന്നുള്ള മരുന്നുകൾക്കും ക്യാൻസർ രോഗത്തിന്റെ തുടർചികിത്സയുമായി ബന്ധപ്പെട്ട കീമോ, റേഡിയേഷൻ എന്നിവയ്ക്കുമായി ആകെ രണ്ട് ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം നൽകിവരുന്നു. മറ്റ് അസുഖങ്ങൾക്ക് മരുന്ന് മാത്രമായി നൽകുന്നകാര്യം നിലവിൽ പരിഗണ നയിലില്ല. |

സെക്ഷൻ ഓഫീസർ.